സ്റ്റാഫ്—1,03,000 (ഒരു ലക്ഷത്തി മൂവായിരം രൂപ)
മാനേജർ വിഭാഗം—74,000 (എഴുപത്തി നാലായിരം രൂപ)

ചെറുകിട വ്യവസായ യൂണിറ്റുകൾ

254 [277] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പ്രവർത്തനം തുടങ്ങിയ ചെറുകിടവ്യവസായ യൂണിറ്റുകൾ എത്ര;

(ബി) ചെറുകിട വ്യവസായ യൂണിറ്റുകളിൽ 'പീഡിതം' എന്നു പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളവ എത്ര;

(സി) ചെറുകിടവ്യവസായ യൂണിറ്റുകളിൽ പ്രവർത്തനം പൂർണ്ണമായി നിലച്ചവ എത്ര?

ഉത്തരം

(എ) 35,404

(ബി, സി) ചെറുകിട വ്യവസായ യൂണിറ്റുകളിൽ പൂർണ്ണമായി നിലച്ചവ 6001 എണ്ണവും, പീഡിതം മാത്രമായത് 1762 ഉം അടക്കം രണ്ടിനങ്ങളിലുംകൂടി ഉൾപ്പെടുന്നത് മൊത്തം 7762 യൂണിറ്റുകളാണ്.

കശുവണ്ടി ഫാക്ടറികൾ സഹകരണാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിനുള്ള നടപടി

255 [280] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ സീസണിൽ അടച്ചിട്ടിരുന്ന കശുവണ്ടി ഫാക്ടറികളിൽ ഏതെങ്കിലും സഹകരണാടിസ്ഥാനത്തിൽ ഏറ്റെടുത്തു പ്രവർത്തനം നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) ഇതുവരെയായി എത്ര സംഘങ്ങൾ രൂപീകരിച്ചു എന്നും അവ ഏതിടത്തെയെല്ലാമാണെന്നും എത്ര ഫാക്ടറികൾ നടത്തുന്നുണ്ടെന്നും, വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഒൻപതു സംഘങ്ങൾ രൂപീകരിച്ചു. താഴെ പറയുന്ന സ്ഥലങ്ങളിലാണ്.

1. നാവായിക്കുളം
2. ചാത്തന്നൂർ
3. ചെമ്മനാട്
4. ചാത്തിനംകുളം
5. പെരിനാട്
6. കിളിക്കൊല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly